➯ *രാമസ്വാമി അയ്യർ അന്ന് ഒരു ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞിരിക്കുന്ന വേളയായിരുന്നു* ➯

2015 സെപ്തംബർ 9, ജലക്കരവുമായി ബന്ധപ്പെട്ട (Water Tariff Regulation) ഒരു ദേശീയ ശില്പശാലയിൽ പങ്കെടുക്കാൻ വേണ്ടി പൂനയിൽ എത്തിയപ്പോഴാണ് ദുഃഖകരമായ ആ വാർത്ത ഞങ്ങളെ തേടിയെത്തിയത്. ഇന്ത്യയിലും അന്തർദേശീയതലത്തിലും ജലം-പരിസ്ഥിതി-ആവാസവ്യവസ്ഥ എന്നിവയിൽ അന്തർലീനമായ ബന്ധങ്ങളെ മുൻനിർത്തിയുള്ളൊരു വികസന പരിപ്രേക്ഷ്യം മുന്നോട്ടുവയ്ക്കാൻ നിരന്തരം പ്രയത്നിച്ച, ഈ വിഷയത്തിൽ തന്റേതായ വ്യക്തി മുദ്രപതിപ്പിച്ച, സമീപനങ്ങളും-നയരേഖകളും മുന്നോട്ടുവെച്ച പ്രൊഫ. ആർ. രാമസ്വാമി അയ്യർ നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. പരിസ്ഥിതി പ്രവർത്തകൻ, ജല-പരിസ്ഥിതി വിദഗ്ധൻ, ജല-പരിസ്ഥിതി നിയമ വിദഗ്ധൻ എന്നിങ്ങനെ വിവിധ മേഖലകളിൽ തന്റെ കഴിവും മികവും തെളിയിച്ച ബഹുമുഖ പ്രതിഭയായിരുന്നു പ്രൊഫ. അയ്യർ.

## പ്രൊഫ. രാമസ്വാമി അയ്യർ

# ജലവിദഗ്ധനപ്പുറം വ്യാപരിച്ച അപൂർവ്വ പ്രതിഭ

പരിസ്ഥിതി പ്രവർത്തകൻ, ജല–പരിസ്ഥിതി വിദഗ്ധൻ, ജല–പരിസ്ഥിതി നിയമ വിദഗ്ധൻ എന്നിങ്ങനെ വിവിധ മേഖലകളിൽ തന്റെ കഴിവും മികവും തെളിയിച്ച ബഹുമുഖ പ്രതിഭയായിരുന്ന, അടുത്തിടെ അന്തരിച്ച കേന്ദ്ര ജലവിഭവ വകുപ്പ് മുൻ സെക്രട്ടറി പ്രൊഫ. ആർ. രാമസ്വാമി അയ്യരെ ഓർമ്മിക്കുന്നു.

**ഡോ. എ. ലത**

പ്രൊഫ. അയ്യരുടെ വിയോഗം എനിക്ക് വ്യക്തിപരമായ നഷ്ടം കൂടിയാണ്. 2003- ലാണ് ഞാൻ ആദ്യമായി പ്രൊഫ. രാമസ്വാമി അയ്യരെ പരിചയപ്പെടുന്നത്. നദികളെ സംയോജിപ്പിക്കുന്ന ബൃഹത് പദ്ധതിയുമായി (Inter Linking of Rivers Project) കേന്ദ്ര സർക്കാർ മുന്നോട്ടുപോകാൻ തീരുമാനിച്ച കാലഘട്ടം. കേരളത്തിൽ നടന്നിട്ടുള്ള മുല്ലപ്പെരിയാർ, പറമ്പിക്കുളം-ആളിയാർ പോലുള്ള നദീ സംയോജനങ്ങളുടെ കടുത്ത അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത വിഷയത്തിൽ ഞങ്ങളും (ചാലക്കുടിപ്പുഴ സംരക്ഷണ സമിതി), ദില്ലി ആസ്ഥാനമായി പ്രവർത്തിക്കുന്ന South Asian Network of Dams Rivers and People (SANDRP) ഉം കൂടിച്ചേർന്ന് ദേശീയതലത്തിൽ ഇദംപ്രഥമമായി നടത്തിയ ശില്പശാലയിൽ മുഖ്യപ്രഭാഷകനായി ക്ഷണം സ്വീകരിച്ചെത്തിച്ചേർന്ന രാമസ്വാമി അയ്യർ അന്ന് ഒരു ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞിരിക്കുന്ന വേളയായിരുന്നു. 74-ാം വയസ്സിന്റെ അവശതയോ, ആരോഗ്യപ്രശ്നങ്ങളോ വകവയ്ക്കാതെ തീവണ്ടിയിലാണ് അദ്ദേഹം ഭാര്യാസമേതം ദില്ലിയിൽ നിന്നും തൃശൂരിലേക്ക് ശില്പശാലയിൽ പങ്കെടുക്കാൻവേണ്ടി എത്തിയത്. കേന്ദ്ര ജലവിഭവ വകുപ്പിന്റെ സെക്രട്ടറിയുടെ പദവിയിൽ നിന്നും വിരമിച്ച ഒരു ഉദ്യോഗസ്ഥനിൽ നിന്നും ഒരിക്കലും പ്രതീക്ഷിക്കാത്ത പെരുമാറ്റവും വിനയവും. അന്നുമുതൽ തുടങ്ങിയ

➩ സംസ്ഥാന ജലനിയങ്ങൾക്ക് ദിശാബോധം നൽകാൻ ഈയൊരു പ്രക്രിയ ഏറെ സഹായിച്ചു ➩



നദീസംയോജനത്തെക്കുറിച്ച് തൃശൂർ കിലയിൽ വച്ച് 2003 ജൂലായിൽ നടന്ന സെമിനാറിൽ സംസാരിക്കുന്ന പ്രൊഫ. ആർ. രാമസ്വാമി അയ്യർ.

സൗഹൃദം പിന്നീട് ഒരു കുടുംബബന്ധമായി വളർന്നു.

1987-ലെ ഇന്ത്യയുടെ ആദ്യത്തെ ജലനയത്തിന്റെ ശില്പി പ്രൊഫ. രാമസ്വാമി അയ്യരാണ്. 1985-ൽ ജല വിഭവ വകുപ്പ് സെക്രട്ടറിയായി ചുമതലയെടുത്തശേഷം അദ്ദേഹം ആദ്യം ചെയ്തത് ദേശീയ തലത്തിലെ ജലനയ രൂപീകരണമാണ്. വ്യവസ്ഥാപിത ജലവിഭവ പരിപാലന കാഴ്ചപ്പാട് ഉടച്ചുവാർക്കേണ്ടുന്നതിന്റെ ആവശ്യം മുന്നിൽ കണ്ടുകൊണ്ടാണ് പ്രൊഫ. അയ്യർ ശ്രമകരമായ ഈ ദൗത്യത്തിന് മുതിർന്നത്. പല അപാകതകൾ ഉണ്ടായിരുന്നെങ്കിലും പിന്നീട് നിലവിൽ വന്ന ദേശീയ സംസ്ഥാന ജലനിയങ്ങൾക്ക് ദിശാബോധം നൽകാൻ ഈയൊരു പ്രക്രിയ ഏറെ സഹായിച്ചു.

വൻതോതിലുള്ള സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും, ഇന്ത്യയിൽ വളരെയേറെ ചർച്ചചെയ്യപ്പെട്ടതുമായ സർദാർ സരോവർ പദ്ധതി, തെഹ്‌രി അണക്കെട്ട്, കാവേരി നദീജലതർക്കം, നദീ സംയോജന പദ്ധതി, മുല്ലപ്പെരിയാർ  എന്നീ വിഷയങ്ങളിൽ വ്യവസ്ഥാപിത ഭരണകൂട നിലപാടുകൾക്കെതിരായ ശക്തമായ വാദങ്ങളും, നിലപാടുകളും സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കാൻ ഒരിക്കലും മടികാണിക്കാത്ത അപൂർവ്വ വ്യക്തിത്വം കൂടിയായിരുന്നു പ്രൊഫ. രാമസ്വാമി അയ്യർ. അന്തർ സംസ്ഥാന/അന്തർദേശീയ നദീജല തർക്കങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക സംശയങ്ങളോ, നയതന്ത്രപരമായ പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ ഔദ്യോഗിക ജോലിയിൽ നിന്നും വിരമിച്ചശേഷവും കേന്ദ്ര സർക്കാർ പലപ്പോഴും പ്രൊഫ. അയ്യരുടെ ഉപദേശങ്ങൾ തേടുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ നയതന്ത്രപരമായ കഴിവുകളും നിയമകാര്യങ്ങളിൽ പുലർത്തുന്ന വൈദഗ്ധ്യവും  അർഹിക്കുന്ന വിധത്തിൽ  അംഗീകരിക്കാൻ സർക്കാർ തയ്യാറായിരുന്നില്ല എന്നത് നമ്മുടെ ഭരണവ്യവസ്ഥയുടെ പാപ്പരത്ത്വം തുറന്നു കാണിക്കുന്നു. അതുകൊണ്ടുതന്നെ 2014 ൽ നൽകിയ 'പത്മശ്രീ' പുരസ്കാരം  വളരെ വൈകിപ്പോയെന്നും  അതിലും വലിയ ബഹുമതിയ്ക്ക് പ്രൊഫ. അയ്യർ അർഹനായിരുന്നു എന്നുമുള്ള അഭിപ്രായങ്ങൾ പരക്കെയുണ്ട്.

ജലവുമായി ബന്ധപ്പെട്ട നിയമങ്ങളും നയങ്ങളും, നദീജല തർക്കങ്ങൾ, ജലം എന്ന പ്രകൃതി വിഭവത്തിന്റെ പല മാനങ്ങളും, ഉപയോഗവും രാഷ്ട്രീയവും എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് അനവധി പുസ്തകങ്ങൾ എഴുതുകയും, എഡിറ്റ് ചെയ്യുകയും, ലേഖനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട് പ്രൊഫ. രാമസ്വാമി അയ്യർ. അവയിൽ ജലവും ഇന്ത്യയിലെ നിയമങ്ങളും (Water and Laws in India) എന്ന് എഡിറ്റ് ചെയ്ത പുസ്തകത്തിന്റെ കേരളത്തിലെ പ്രകാശനചടങ്ങ് 2010 ൽ നിർവഹിച്ചത് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ആയിരുന്നു. 2002 നു ശേഷം പ്രൊഫ. രാമസ്വാമി അയ്യർ കേരളത്തിൽ പങ്കെടുത്ത ഒരേയൊരു ചടങ്ങായിരുന്നു അത്. അതുപോലെ തന്നെ 'Towards Water Wisdom - Limits, Justice, Harmony' എന്ന പുസ്തകം മലയാളത്തിലേക്ക് തർജ്ജിമ ചെയ്യപ്പെട്ടിട്ടുണ്ട്.

ഒഴുകുന്ന പുഴകൾ പ്രൊഫ. അയ്യർക്ക് എന്നും ഒരാവേശമായിരുന്നു. അതുകൊണ്ട് തന്നെയാണ് 2011 മുതൽ പ്രൊഫ. അയ്യരും, ഇന്ത്യ ഇന്റർനാഷണൽ സെന്ററും കൂടി ചേർന്ന് ഇന്ത്യയിലെ പുഴകൾ നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും ചർച്ചചെയ്യുന്ന പ്രഭാഷണ പരമ്പര സംഘടിപ്പിച്ചത്. നാലു വർഷങ്ങളുടെ നിരന്തര പ്രവർത്തനത്തിന്റെ ഫലമായി ' Living Rivers, Dying Rivers' എന്ന രാമസ്വാമി അയ്യർ തന്നെ എഡിറ്റ് ചെയ്ത പുസ്തകരൂപത്തിൽ സെപ്റ്റംബർ ആദ്യം ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി

പ്രസ് പ്രസിദ്ധീകരിച്ചു. എന്നാൽ സെപ്തംബർ 3ന് നിശ്ചയിച്ചിരുന്ന പ്രസ്തുത പുസ്തകത്തിന്റെ പ്രകാശനം, പ്രൊഫ. അയ്യരുടെ അനാരോഗ്യം കാരണം മാറ്റി വെക്കേണ്ടിവന്നു. അദ്ദേഹം വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കിയിരുന്ന ആ പുസ്തകത്തിലെ സംവാദങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ട ദൗത്യം ഇനി പുസ്തകത്തിലെ അദ്ധ്യായങ്ങൾ എഴുതിയവരുടേതാണ്. ആ പുസ്തകത്തിൽ കേരളത്തിലെ നദികൾ നേരിടുന്ന പ്രശ്നങ്ങളേയും പരിഹാരങ്ങളേയും കുറിച്ചൊരു അദ്ധ്യായം കൂടി ചേർക്കാൻ പ്രൊഫ. അയ്യർ മറന്നില്ല.

നിലവിലുള്ള വികസന പരിപ്രേക്ഷ്യയിൽ ഉൾച്ചേർക്കാത്തതും, ചർച്ച ചെയ്യപ്പെടാത്തതുമായ ജലം-പുഴ, പരിസ്ഥിതി-നിലനിൽക്കുന്ന വികസനം എന്നീ മേഖലകൾ തമ്മിൽ ഉണ്ടാകേണ്ട ജൈവികമായ ബന്ധങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള, തന്റെ വ്യത്യസ്തമായ കാഴചപ്പാടുകൾ പ്രൊഫ. അയ്യരുടെ എഴുത്തിൽ നിരന്തരം പ്രതിഫലിച്ചിരുന്നു. ഈ അടുത്ത കാലത്ത് അദ്ദേഹം എഴുതിയ ബദൽ ജലനയം, ജലപരിപാലനത്തിനായുള്ള സമഗ്രമായ നിയമച്ചട്ടക്കൂട് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ലേഖനങ്ങളും, നയരേഖകളും ഏറെ ചർച്ചകൾക്ക് വഴി തെളിച്ചിരുന്നു. ജലമെന്ന വിശാലമായ വിഷയവുമായി ബന്ധപ്പെട്ട് പ്രൊഫ. അയ്യർ നൽകിയ സമഗ്ര സംഭാവനകളെ മാനിച്ചുകൊണ്ട് Forum for Policy Dialogue on water Confl-icts in India യും (ജലം-പുഴ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ കൂട്ടായ്മ) അർഘ്യവും (Arghyam), Centre for Policy Research ഉം കൂടിചേർന്ന് പ്രൊഫ. അയ്യരെ ആദരിക്കാൻവേണ്ടി ഈ മേഖലയിൽ പ്രൊഫ. അയ്യരുടെ കൂടെ പ്രവർത്തിക്കുന്ന എല്ലാ പ്രമുഖ വ്യക്തികളേയും പങ്കെടുപ്പിച്ചുകൊണ്ട് 2013 നവംബർ 25-27 തീയതികളിൽ ദില്ലിയിൽ വെച്ചൊരു ശില്പശാല നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ വച്ച് ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഡോ. ഹമീദ് അൻസാരിയുടെ പക്കൽ നിന്നും ആദരവിന്റെ ഫലകം ഏറ്റു വാങ്ങുമ്പോൾ പ്രൊഫ. അയ്യർ വികാരാധീനനായി പറഞ്ഞ വാക്കുകൾ, 'എനിക്കു ലഭിക്കാവുന്ന ഏറ്റവും മികച്ച അംഗീകാരമാണിത്'-അവിടെ സന്നിഹിതരായിട്ടുള്ളവരുടെ കണ്ണുകൾ നനയിച്ചു. 2014- നവംബറിൽ നദീ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരേയും കോർത്തിണക്കിക്കൊണ്ട് നടത്തിയ 'ഇന്ത്യ റിവർസ് വീക്ക്' എന്ന ഇദം പ്രഥമ സംരംഭത്തിന്റെ സാരഥിയും പ്രൊഫ. അയ്യർ ആയിരുന്നു.

ഇനിയും ഒരുപാട് പുസ്തകങ്ങളും ലേഖനങ്ങളും തന്റെ ഇഷ്ട വിഷയവുമായി ബന്ധപ്പെട്ട് എഴുതണമെന്നും സമൂഹത്തിന്റെ മുന്നിൽ ബദൽ വികസന ആശയങ്ങൾ ചർച്ച ചെയ്യണമെന്നുമുള്ള മോഹങ്ങൾ ബാക്കി വെച്ചിട്ടാണ് 86-ാം വയസ്സിൽ പ്രൊഫ. അയ്യർ നമ്മെ വിട്ടുപിരിഞ്ഞത്. അദ്ദേഹം തുടങ്ങി വെച്ച ബദൽ ജലവിനിയോഗ-പരിപാലന ചിന്തകളും ആശയങ്ങളും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

പ്രൊഫ. രാമസ്വാമി അയ്യർ എന്ന ബഹുമുഖ പ്രതിഭയെക്കുറിച്ചും, മനുഷ്യ- പരിസ്ഥിതി സ്നേഹിയേക്കുറിച്ചും ഇനിയുമുണ്ട് ഏറെ ഓർക്കാൻ, കുറിച്ചിടാൻ.... വളരെക്കുറച്ച് പേരോട് മാത്രം അദ്ദേഹം പങ്കുവച്ചിട്ടുള്ള ഒരു വശം കൂടി സൂചിപ്പിക്കാതെ വയ്യ- 'ഭാരതീയ ശാസ്ത്രീയ സംഗീതത്തിനോടുള്ള അടങ്ങാത്ത അഭിനിവേശം'. തന്റെ ഔദ്യോഗിക ജീവിതത്തിന്റേയും, ഇഷ്ടവിഷയത്തെ കുറിച്ചുള്ള എഴുത്തുകൾക്കും, നിരന്തരമായ യാത്രകൾക്കിടയിലും ശാസ്ത്രീയ സംഗീതവുമായി ബന്ധപ്പെട്ട് 24 ലേഖനങ്ങൾ 1987-2010 കാലഘട്ടത്തിനിടയിൽ എഴുതാൻ പ്രൊഫ. അയ്യർ സമയം കണ്ടെത്തി എന്നുള്ളത് ഒരു വിസ്മയമായി നിലകൊള്ളുന്നു.■


**പരിസ്ഥിതിയും മാദ്ധ്യമങ്ങളും**

**ജലം, പുഴ, ആവാസവ്യവസ്ഥ, വികസനം എന്നിവയെ കേന്ദ്രീകരിച്ച് ഒരു അന്വേഷണം**

മാദ്ധ്യമ ശില്പശാല
2015 ഒക്ടോബർ 10, 11 ശനി, ഞായർ
അതിരപ്പിള്ളി, തൃശൂർ

ചാലക്കുടിപുഴ സംരക്ഷണ സമിതിയും കേരളീയം മാസികയും ചേർന്ന് സംഘടിപ്പിക്കുന്നു.

*ബന്ധങ്ങൾക്ക്: 9495995897*

**തീരവും പശ്ചിമഘട്ടവും നശിപ്പിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി ഉപേക്ഷിക്കുക**

**തീരദേശ പദയാത്ര**

**2015 ഒക്ടോബർ 2-4**
**പൂവാർ മുതൽ പൂന്തുറ വരെ**

**ദേശീയ കൺവെൻഷൻ**

**2015 ഒക്ടോബർ 11ന്**
**പൂന്തുറ, തിരുവനന്തപുരം**

**തീരദേശ പശ്ചിമഘട്ട സംരക്ഷണ സമിതി**
**9048159590**